# മാഗസിൻ

# GHS PERAKAMANNA

# ഉ മഷി



# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| 1 | ജെന്ന ഷെറിൻ |
| 2 | ഷംന ഷെറിൻ |
| 3 | റീമ |
| 4 | ഹെന്ന ഷെറിൻ |
| 5 | അൻഷിഫ് |
| 6 | അർജ്ജൻ |
| 7 | കൃഷ്ണ്ദാസ് |

പ്രിയ കൂട്ടരേ....

**e -മഷി** എന്ന മാഗസിനിലെ പടികളിൽ ചായം തേച്ചത് ജി.എച്ച്.എസ്.പെരകമണ്ണയിലെ വിദ്യാർത്ഥികളാണ്. കുറഞ്ഞ സമയം കൊണ്ട് തയ്യാറാക്കിയ ഈ മാഗസിനിൽ തെറ്റുണ്ടങ്കിൽ സദയം പൊറുക്കണം.

എല്ലാതരത്തിലുമുള്ള കഥകളും കവിതകളും മറ്റും ഉൾപ്പെടുത്തിയിട്ടുള്ള ഈ മാഗസിൻ നിങ്ങൾക്ക് രസകരമായി ആസ്വദിക്കാൻ കഴിയുമെന്ന വിശ്വാസത്തോടെനിർത്തുന്നു.

എഡിറ്റര്



ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിൽ സന്തോഷിക്കുന്നു. വിദ്യാഭ്യാസ രംഗത്തെ നൂതന സംരഭമായ ഡിജിറ്റൽ മാഗസിൻ

കുട്ടികളിൽ സർഗവാസന വർധിപ്പിക്കുന്നതോടൊപ്പം വിവര സാങ്കേതിക വിദ്യയിൽ താൽപര്യവും ആഭിമുഖ്യവും വളർത്തുന്നതാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും അധ്യാപകരും അഭിനന്ദനം അർഹിക്കുന്നു. വിവര സാങ്കേതിക വിദ്യയിൽ ഉയരങ്ങളിലെത്താൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

സീനത്ത്

ഹെഡ്മിസ്ട്രസ്

# മണ്ണിനും മനുഷ്യനും വേണ്ടി



മനുഷ്യൻെറ ഏറ്റവും പ്രാഥമികമായ ആവശ്യങ്ങൾമൂന്നണ്പ്രാണവായു,വെള്ളം,ഭക്ഷണം.ഇവയെല്ലാം നമ്മുടെ ചുറ്റുപാടിലെ മണ്ണിനെ ആശ്രയിച്ചിരിക്കുന്നു. മണ്ണിനും ജലത്തിനും ശുദ്ധവായുവിും പ്രാധാന്യം നൽകാത്ത വികസനമാണ് ഇന്ന് നടക്കുന്നത് . മണ്ണിനെ നാം ശ്വാസംമുട്ടിച്ച് കൊല്ലുന്നു.

കോൺക്രീറ്റ് മിനുക്കുന്നതാണ് നാടിന്റെ പരിഷ്കാരമെന്നു വിചാരിച്ച് പണത്തിനു പിറകെ പായുന്നു. മണ്ണ് ജീവനാണ് കോടാനുകോടി ജീവികളുടെ ആവാസസ്ഥാനമാണ് . അത് തിരിച്ചറിയാത്തതു കൊണ്ടാണ് പലപ്പോഴും നമ്മുടെ കൃഷി പരാജയമാകുന്നത് . മണ്ണിന്റെ ആരോഗ്യമാണ് മനുഷ്യനും ആരോഗ്യം പ്രാധാന്യം നൽകുന്നത് . മണ്ണിനെ കുറിച്ച് പഠിക്കാതെ നമുക്കിനി ഒരിഞ്ച് മുന്നോട്ടു പോകാൻ കഴിയില്ല.

മണ്ണിനോട് ചേർന്നു നിൽക്കുന്ന നിന്റെ ആഹ്ലാദം നമ്മുടെ കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്താണം. ഓരോ വീട്ടുമുറ്റത്തും വേണം കൃഷി.

Anshifa.k.t
9.B

# എഴുതണമെന്നെനിക്കുണ്ട്



എഴുതണമെന്നെനിക്കുണ്ട്

പക്ഷെ...

വാക്കുകളെന്നെ-

കൊഞ്ഞനം കുത്തുന്നു

ചിന്തകളിൽ ഇരുൾ കുറയുന്നു

ഏകാന്തതയിൽ

ഞാൻ ബന്ധനസ്ഥയായി

ഇരുൾ മായ്ക്കണം

ബന്ധനങ്ങൾ  പൊട്ടിച്ചെറിയണം

നന്മയിലേക്ക് കൺ തുറക്കണം

വെറുപ്പിനെതിരെ മഷിയാകണം

പ്രണയങ്ങൾക്ക് കാവ്യമാകണം

രാപ്പാടിയുടെ ദുഃഖത്തിന് കൂട്ടാകണം

ഏറെയുണ്ടെനിക്ക് ചെയ്തു തീർക്കാൻ

ശരീരത്തിലെ ചൂടാറുവോളം

ഞരമ്പിലെ മഷി വറ്റുവോളം

സ്നേഹ ശ്രീനിവാസൻ  പി വി  8D

# ആർക്ക് വേണ്ടി ?



ഓരോ പകലിലും ഞാൻ വിടർന്നത്

നിനക്ക് വേണ്ടിയായിരുന്നില്ലേ ?

ഇളവെയിൽ ചൂടിലും , പോക്കുവെയിൽ മഞ്ഞയിലും

കണ്ണിമയനങ്ങാതെ ഞാൻ നോക്കി നിന്നത് നിയറിഞ്ഞില്ലേ ?

ഉള്ളമെരിഞ്ഞു നിന്നോടായിരം

സ്നേഹക്കനലുകൾ ജ്വലിച്ചടങ്ങിയിട്ടും......

പൊള്ളുമെരിവെയിലേറ്റു വാങ്ങി

നിന്റെ നിഴലു നോക്കി നടന്ന എന്റെ ആശ

ഇതളുകളിൽ വെറുങ്ങലിച്ചു നിന്നതും നീ കണ്ടില്ലേ ?

ഇനി നീയസ്തമിച്ചു മറയുമ്പോൾ

എന്റെ ഇതളുകൾ മണ്ണിലലിയും.....

എല്ലാം ത്യജിച്ചു ഓർമകളെരിഞ്ഞ് ഞാനണയുമ്പോൾ.....

നാളെ പുലരികളിൽ നീയുദിച്ചുയരണം..........

അനശ്രീ 9A



എസ്.കെ .പൊറ്റക്കാട്

ശങ്കരൻ കുട്ടി കുഞ്ഞിരാമൻ പൊറ്റക്കാട്

1913 ൽ കോഴിക്കോട് ജില്ലയിൽ ജനിച്ചു

ഒരുദേശത്തിൻെ കഥ ഓരു തെരുവി

ൻെ കഥ, രാജമല്ലി, വനകുമുദി, വിഷകന്യക, ബാലി,

ദ്വീപ്, കാപിരികളുടെ നാട്ടിൽ, സിംഹഭൂമി പാതിരാസൂര്യന്റെ

നാട്ടിൽ എന്നിവ പ്രധാന കൃതികൾ.

കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ, ഭാരതീയ

ജ്ഞാനപീഠപുരസ്കാരം എന്നിവ ലഭിച്ചു.

1982 ൽ അന്തരിച്ചു.

ആദിത്യ 8C

# ക്ഷമയുടെ ശക്തി

ഒരിക്കൽ രണ്ട് സഹോദരൻമാർ കാട്ടിലൂടെ യാത്രപോവുകയായിരുന്നു യാത്ര മദ്ധ്യേകഴിക്കാനുള്ള ഭക്ഷണപ്പൊതിയും അവരുടെ കൈയിൽ ഉണ്ടായിരുന്നു കുറേ നേരം നടന്നപ്പോൾ അവർ കാട്ടിന്റെ നടുവിലെത്തി. പെട്ടെന്ന് എവിടെ നിന്നോ രണ്ട് കാട്ടുകുരങ്ങുകൾ അവരുടെ മുന്നിൽ ചാടി വീണു. ആ കുരങ്ങുകൾ ശക്തൻമാരായിരുന്നു. എന്നിട്ട് അവരുടെ ഭക്ഷണപ്പൊതി തട്ടിപ്പറിച്ച് മരത്തിലേക്ക് ചാടിക്കയറി. സഹോദരങ്ങളിൽ അന്തംവിട്ടു നിന്ന അനുജൻ ചേട്ടന്റെ കൈയിൽ ഉണ്ടായിരുന്ന വടിയെടുത്ത് കുരങ്ങൻമാരേ ആക്രമിക്കാൻ പറഞ്ഞു. എന്നാൽ ചേട്ടൻ അനുജനെ തടഞ്ഞു എന്നിട്ട് ഇപ്രകാരം

പറഞ്ഞു. നീ ഒന്ന് ക്ഷമിക്ക്. കുരങ്ങുകൾ ഒന്നല്ല മറിച്ച് രണ്ടാണ്. ഈ വടിയെടുത്ത് എറിഞ്ഞാൽ അവർ കൂടുതൽ ഉയരത്തിലേക്ക് പാഞ്ഞു കയറും. നമുക്ക് നമ്മുടെ ഭക്ഷണപൊതി നഷ്ടമാവുകയും ചെയ്യും. അനുജൻ അടങ്ങി. ഇതിനിടെ രണ്ടുകുരങ്ങൻമാർ തമ്മിൽ ഉന്തും തള്ളുംമായി. ഒരു കുരങ്ങൻ മറ്റെ കുരങ്ങനെ അടിച്ചവശനാക്കി എനിതാഴേക്ക് തള്ളി. ഭക്ഷണപൊതി എടുക്കാനാഞ്ഞപ്പോൾ അനുജൻ വടിയെടുത്ത് ഒറ്റയേറ്. പോരാട്ടത്തിൽ തളർന്നിരുന്ന കുരങ്ങൻ ഓർക്കാപുറത്ത് താഴേക്ക് വീണു. അത് തന്റെ ജീവനും കൊണ്ട് ഓടി. അനുജൻ ഭക്ഷണപൊതി എടുത്ത് കൊണ്ടുവന്ന് ചേട്ടനോട് പറഞ്ഞു 'ചേട്ടാ അങ്ങയുടെ' വാക്കിന്റെ പൊരുൾ എനിക്ക് മനസിലായി. അൽപം ക്ഷമിചകൊണ്ട് നമുക്ക്

നമ്മുടെ ഭക്ഷണപൊതി തിരിച്ചു കിട്ടുകയും കുരങ്ങൻമാരുടെ ആക്രമണത്തിൽ

നിന്ന് രക്ഷപ്പെടുകയും ചെയ്തു. അങ്ങയുടെ മഹത്തായ ഉപദേശം ഞാൻ ജീവിതത്തിൽ

എന്നും പാലിക്കും. ചേട്ടന് സന്തോഷമായി അവർ



തങ്ങളുടെ യാത്രതുടർന്നു.

*shibhila mol.ck*

## സൗഹൃദം

**ഓ**ർമതൻ കളിവഞ്ചിയിൽ

കൂട്ടിനുണ്ടായിരുന്ന ചങ്ങാതി

പാതിവഴിയിൽ പിരിഞ്ഞുപോയി

ഓർമിച്ച് എല്ലാരും

ഓർമ്മയിൽ മാഞ്ഞുപോയി പലതും

തെളിഞ്ഞു നിൽപ്പൂ നിൻ സ്നേഹം

മറക്കുവാൻ ആയി പ്രിയ ചങ്ങാതി

മറവിതൻ ഒഴുക്കിൽ പെട്ടാലും

കാലം കടക്കുമ്പോൾ ഓർത്തു ഞാൻ

നിൻ കുസൃതികളും സൗഹൃദങ്ങളും

മയിൽപ്പീലി പോലെ സൂക്ഷിച്ച

നിറമാർന്ന പുഞ്ചിരി

വിട ചൊല്ലാൻ നേരമായെന്ന് അറിയാതെ

തിരിഞ്ഞു നമ്മൾ പാതിവഴിയിൽ

ഓർത്തതും ഇല്ല അറിഞ്ഞതുമില്ല

നടന്ന കാലം കഴിഞ്ഞുപോയി

പിരിയുകയാണെന്ന് അറിഞ്ഞപ്പോൾ

കൊതിച്ചുപോയ് നിൻ സൗഹൃദം

പ്രകൃതിതൻ കുസൃതികളിൽ

കഴിഞ്ഞുപോയ മധുര നിമിഷങ്ങൾ

പലനാൾ കിനാക്കളിൽ വന്നുനിൽക്കും

സൗഹൃദം തിരിച്ചു കിട്ടിയെങ്കിൽ

കൊതിച്ചു പോയി ഞാൻ



***Safa 8 D***




## ഒരു ചെക്കുന്ന് യാത്ര

**ഒരു** ഗ്രാമത്തിൽ കണ്ണൻ എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു അവരെല്ലാം ആയിരുന്നു അവൻറെ കൂട്ടുകാർ അർജ്ജുൻ ദേവ് എന്നിവരായിരുന്നു എൻറെ കൂട്ടുകാർ അഞ്ചുപേരും കട്ട ചങ്ക് ആയിരുന്നു ഒരു ദിവസം അവർ അഞ്ചുപേരും മറ്റു മൂന്ന് കൂട്ടുകാരും ചേർന്ന് മല കയറാൻ തീരുമാനിച്ചു അവർ പോകാൻ തീരുമാനിച്ചു മഴയായിരുന്നു ചെക്കുന്ന് മല ഒരു നാടിൻറെ എല്ലാം എല്ലാം ആയിരുന്നു അവരെ സംബന്ധിച്ച് അതൊരു മിനി മൂന്നാർ പോലെയും നീലഗിരി പോലെ ആയിരുന്നു അവർ അവിടേക്ക് പോകാൻ വേണ്ടി എല്ലാ ഒരുക്കങ്ങളും നല്ല ആവേശത്തോടെ കൂടിയായിരുന്നു ചെയ്തുകൊണ്ടിരുന്നത് അവർ പോകുന്നതിന് മൂന്നു ദിവസം മുൻപായിരുന്നു ഇവരുടെ കൂടെ വരുന്ന മൂന്നുപേർ ഇല്ല എന്ന് പറഞ്ഞത് അത് അവരെ കൂടുതൽ സങ്കടത്തിൽ ആക്കുകയും ചെയ്തു പക്ഷേ അവരുടെ മനസ്സ് അവരോട് പറഞ്ഞു കൊണ്ടേയിരുന്നു നിങ്ങൾ അവിടേക്ക് പോകണമെന്ന് അവരുടെ മനസ്സ് പറഞ്ഞു തീരുമാനത്തോട് വിയോജിച്ച അവിടേക്ക് പോകാൻ തയ്യാറായി അങ്ങനെ അവരുടെ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് ആ ദിവസം വന്നു സേവ് ചെയ്യുക എന്ന സന്ദേശം കൈകളിലേന്തി അവരെ കാത്തിരിക്കുന്നത് എന്താണെന്നറിയാതെ അവരുടെ യാത്ര തുടർന്നു സെക്സ്

*കൃഷ്ണദാസ് പികെ 9 C*

# പെരകമണ്ണ സ്കൂൾ




**പെ**രുകിക്കൊണ്ടരിക്കുന്ന നാളെയുടെ വാഗ്ദാനങ്ങൾക്ക്

**രാ**ത്രികൾ വിജയത്തിൻ അളവുകോല് മാത്രമാണ്

**ക**ണ്ണും കാതും ആവിശ്യമായത്തീർന്ന കാലത്തിനും

**മ**ണ്ണും മനസും അകന്നുപോയ ജീവിത രീതിക്കും സാക്ഷിയായി ക-

**ണ്ണ**ടകൾ വെചാലും സ്വപ്നം കാണാമെന്ന് വിളിചോതി ക്കൊണ്ട്

**ഗ**വൺ മെന്റ് സ്കൂളിലും ഉന്നത വിദ്യഭ്യാസംനേടാം ,കാരണം

**വി**ദ്യ; അത് നമ്മുടെ കയ്യിലാണ് ദൈവത്തിന്റെ അടുത്താണ്, വെ-

**ണ്**മയുടെ താളുകൾ മറിക്കാൻ ഇനിയും ബാക്കിയാണ്,

**മൊ**ഞ്ച് അത് കാലത്തിന്റെ സമ്മാനമാണ്, കമ-

**ന്റ്;** അത് സാധാരണമാണ്

**ഹൈ**സ്കൂളായിലേ'" ന്ചോദിക്കുന്നത് കാര്യനാക്കണ്ട, മന-

**സ്** കൊണ്ട് സ്നേഹിക്കുക,എന്തെന്നാൽ

**ക്കൂ**ട്ടുകാർ അത് ലോകത്തെങ്ങും ഉള്ളേളതാണ്, സ്കൂ-

**ൾ** ജീവിതം അടിച്ചു പൊളിക്കാനുള്ളതാണ്

*ഒരു ദിവസം വരും അന്ന് ലോകം നിങ്ങളെ വരവേൽക്കുന്ന*


*തായി കാണാം അന്ന് മനസ്സിലാകും അത് നിങ്ങൾക്കാ-*

*യി ദൈവം കാത്തു വെച്ചതാണെന്ന്. അന്ന് ലോകം പുഞ്ചിരിക്കുന്നതായിരിക്കും*

*ഹംന സി ടി 8B*

# *പുള്ളിപശുവിൻെറ മോഹം* *(കഥ)*

**പുള്ളിപശുവിനെ മരത്തിൽ കെട്ടിയിട്ടിട്ട് കാലി ചെറുക്കൻ കളിക്കാൻ പോയി.പുള്ളിവാൽ ആഞ്ഞു വീശി പുള്ളിപശു പുല്ല് തിന്നുന്നു.പുല്ല്തിന്ന് പുല്ല്തിന്ന് പുള്ളിപശുവിൻെറ വയർ നിറഞ്ഞു വീർത്തു.കാലി ചെറുക്കനോ ദൂരെനിന്ന് പാട്ടുപാടി പന്ത് കളിക്കുകയാ ണ്.ങാഹാ....ഊഞ്ഞാലാടുന്നുമുണ്ട്.കാണാൻ നല്ലര സം.പക്ഷെ പുള്ളി പശുവിന് ബോറടിച്ച തുടങ്ങി.ഓടികളിക്കാൻ പോയാലോ പക്ഷേ എന്നെ കെട്ടിയിട്ടിരിക്കുകയല്ലേ.കിടന്നു വിശ്രമിച്ചു. അപ്പോൾ പുള്ളിപശു മരത്തിൽ ചുറ്റും അഞ്ചാറ് ഓട്ടം വച്ചു പോട്ടിച്ചു ഓടി കളിക്കാം .കാലിച്ചെറുക്കൻ**



കയറുകൊണ്ട് മരത്തിൽ ചേർന്ന് വരിഞ്ഞു പോയി .പിന്നീട് താമസിച്ചില്ല പുള്ളിപ്പശു കയറ് വലിച്ച് പോട്ടിച്ച് ഓട്ടോ ഓട്ടം അവൾ കുറ്റിക്കാട്ടിലും പാറപ്പറത്തും പാടത്തും പുൽമൈതാനത്തുംഓടിച്ചാടി നടന്നു. ബേ...ബേ...ബേ... പന്തുകളിക്കാൻ നല്ല രസമായിരിക്കും.

അവൾ പുൽ മൈതാനത്തുകൂടി പന്തുതട്ടി രസിച്ചു.പുള്ളിപശുവിൻെറ കളികണ്ട് കാട്ടിലുള്ള നിരവധി പക്ഷിമൃഗാതികൾ അവിടേക് ഓടിയെത്തി. പന്നിയും,കുറുക്കനും,കോഴിയും,കീരിയും,അണ്ണാനും എന്നു വേണ്ടസർവ മൃഗങ്ങളും ഉണ്ടായിരുന്നു.കൂട്ടത്തി നിടയിൽ നിന്ന് ആരോവിളിച്ചുപറഞ്ഞു.പുള്ളിക്ക്പിരാന്ത് പിടിച്ചേ.....ഒരു നിമിഷം പുള്ളിപശു നിന്നു,പിന്നീട് അവിടെ കൂടിയ എല്ലാ കാണികളേയും അവൾ കുത്തിയോടിച്ചു.

ഓഹാ...എന്നോടാണോകളി

അപ്പോഴാണ് പുള്ളിപശു പ്ലാവ് മരത്തിൽ കെട്ടിയ ഊഞ്ഞാൽ കണ്ടത്.

ഇനി കുറച്ച നേരം ഊഞ്ഞാലാടാം...
അവൾ ഊഞ്ഞാലിൽ കയറി ശക്തിയായി ആടി
ഓരോ ആട്ടത്തിലും ഉയർന്നുവന്ന് പ്ലാവിൻ
കൊമ്പത്തു നിന്ന് ഓരോ ഇലയും അവൾ ശാപ്പിട്ടു.
അവൾക്കത് വളരെ രസകരമായി തോന്നി.
ആടി, ആടി അവൾ ആകാശം മുട്ടേ ആടി.
അവൾ മേഘലങ്ങൾ കടന്ന് സൂര്യൻെറ അടുത്തുവരെ
എത്തി.ആട്ടം കണ്ട് സൂര്യൻ നാണിച്ച്
കടലിലൊളിച്ചു.അപ്പോൾ കാഴ്ച്ചക്കാരായി
നക്ഷത്രങ്ങൾ വന്നു.നക്ഷത്രങ്ങളോട് വർത്താനം
പറഞ്ഞ് അവൾ അൽപ്പനേരം ആകാശത്ത്
കഴിഞ്ഞു.
കാലി ചെറുക്കൻ പുള്ളി പശുവിൻെറ പള്ളക്ക് തട്ടി
ചോദിച്ചു.സന്ധ്യയായി വീട്ടിൽ പോകണ്ടെ ,പാൽ
കറക്കണ്ടെ? പുള്ളിപശു സമാധാനമെഴുന്നേറ്റ്
കാലിചെറുക്കൻെറ പുറകെ മനസ്സില്ലാ മനസ്സോടെ
വീട്ടിലേക്കു നടന്നു.

എൻെറ പുള്ളിപശു ഒന്നു വേഗം നടന്നൂടെ...

പുള്ളി പശു ഒന്നും മിണ്ടിയില്ല.എങ്കിലും അവൾ മനസ്സിലോർത്തു. എന്നാലും എൻെറ ചെക്കാ.....

എനിക്കും കുറച്ച് നേരം കൂടെ ആകാശത്തിലൂടെയും, ഭൂമിയിലൂടെയുംആടി പാടി രസിക്കാൻ തോന്നുകയാ..

എന്താ ചെയ്യാ ഞാൻ വെറുമൊരു പശുവായി പോയില്ലേ.........

**രേഷ്മ ദാസ് .എ 8D**